Mathrubhumi 28-11-18, P-04

# വെണ്ട, പയർ വൻശേഖരവുമായി ദേശീയ ഗവേഷണകേന്ദ്രം

**സി.ഡി. സുനീഷ്**



നിറത്തിലും ആകൃതിയിലും വലുപ്പത്തിലും വൈവിധ്യമുള്ള 600-ൽ പരം വെണ്ടകളുടെ കലവറയാണ് തൃശ്ശൂരിലെ വെള്ളാനിക്കരയിലുള്ള ദേശീയ സസ്യജനിതക വൈവിധ്യകേന്ദ്രം കർഷകർക്കായി ഒരുക്കിയിരിക്കുന്നത്. താത്പര്യമുള്ള കർഷകർക്ക് വെണ്ട വിത്തും സാങ്കേതിക നിർദേശങ്ങളും ഇവർ നൽകുന്നു.

മുൻകൂട്ടി രജിസ്റ്റർ ചെയ്ത 73 കർഷകർ പ്രദർശനം കാണാനെത്തി. തദ്ദേശീയമായ സസ്യ, പഴവർഗങ്ങളെക്കുറിച്ച് ഗവേഷണം നടത്തി അവയുടെ വിത്തുകൾ സംരക്ഷിച്ച് ഗവേഷണത്തിനും കൃഷിചെയ്യാൻ ആവശ്യമുള്ള കർഷകർക്കും നൽകുകയെന്നതാണ് ലക്ഷ്യമെന്ന് എൻ.ബി.പി.ജി.ആർ. ഗവേഷണ കേന്ദ്രം മേധാവി ജോസഫ് ജോൺ പറഞ്ഞു.

150-ലേറെ അച്ചിങ്ങാപയറിനങ്ങൾ ഇവിടെ നട്ടു വളർത്തിയിരിക്കുന്നു. 71 സെൻറിമീറ്റർ നീളം വരുന്ന വെണ്ട വളർത്തി വേൾഡ് ലിംക ബുക്ക് ഓഫ് റെക്കോഡ്സിൽ ഇടം നേടിയ പത്തനം തിട്ട റാന്നി സ്വദേശി റെജി ജോസഫ് ഈ സ്ഥാപനവുമായി സഹകരിച്ച് പ്രവർത്തിക്കുന്നു.

വൈവിധ്യമാർന്ന പയർ ഇനങ്ങളുടെ പ്രദർശനം സംഘടിപ്പിക്കാനുള്ള തയ്യാറെടുപ്പിലാണ് എൻ.ബി.പി.ജി.ആർ. ഡിസംബർ ഏഴ് വെള്ളിയാഴ്ച 10.00 മുതൽ ഒരുമണി വരെ കർഷകർക്കും പൊതുജനങ്ങൾക്കും ഇവിടെ സന്ദർശിക്കാം. പ്രവേശനത്തിന് മുൻകൂർ അനുമതി നേടണം.

ഫോൺ: 0487-2372589, 9400673271, 9447889787